പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3302 19.06.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ തസ്തികയിലെ നിയമനം**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്. ആർ.ടി.സിയിൽ കണ്ടക്ടർ തസ്തികയിൽ എത്ര പേർക്കാണ് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ എത്രപേർക്ക് നിയമനം നൽകി; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ തസ്തികയിൽ 4051 പേർക്കാണ് പി.എസ്.സി അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ളത്. അതിൽ ആർക്കും തന്നെ നിയമനം നൽകിയിട്ടില്ല. |
| (ബി) | അതിൽ ജോലിക്ക് ഹാജരാകാത്തവരുടെ എത്ര എൻ.ജെ.ഡി ഒഴിവുകളാണ് ഉള്ളത്; | | |
| (സി) | പി.എസ്.സി നിയമന ശിപാർശ അയച്ചിട്ടും അപ്പോയിന്റ്മെന്റ് ഓർഡർ ലഭിക്കാത്ത എത്ര പേരാണ് നിലവിലുള്ളതെന്നും ഇവർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ ലഭിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി നിയമന ശുപാർശ ലഭിച്ചിട്ടും അപ്പോയിന്റ്മെന്റ് ഓർഡർ നൽകാത്ത 4051 പേർ നിലവിലുണ്ട്. കേരള സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിൻ പ്രകാരം കെ.എസ്.ആർ.റ്റി.സി.യിലെ ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലായതിനാൽ ജീവനക്കാരുടെ എണ്ണം ദേശീയ ശാശരിയ്ക്ക് ഒപ്പം എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ആയതിനാൽ അഡ്വൈസ് ലഭിച്ചവർക്ക് നിലവിൽ നിയമനം നല്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ